# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2143 06.02.2019 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.മമ്മൂട്ടി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ( കാറ്റഗറി നം.665/2012) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്; | എ) | തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (കാറ്റഗറി നം.665/2012) റാങ്ക് ലിസ്റ്റിൽ നിന്നും ഒരു ഉദ്യാഗാർത്ഥിക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത കാറ്റഗറിയിൽ നോട്ടിഫിക്കേഷൻ നടത്തുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ: | ബി) | 2 ഒഴിവുകളാണ് വിജ്ഞാപനത്തിനായി റിപ്പോർട്ട് ചെയ്തിരുന്നത്. നിലവിൽ റിപ്പോർട്ട് ചെയ്ത 7 ഒഴിവുകളിലേക്ക് പി.എസ്.സി യുടെ നിയമന ശുപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന നടപടി സ്വീകരിക്കുന്നതാണ്. |
| സി) | എത്ര ഒഴിവുകൾ ഇതിനകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിൽ ഏത് തീയതിയ്ക്കകം നിയമനം നടത്താനാകുമെന്നാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ? | സി) | 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ